**അല്ലാഹു പേരു വിളിച്ച, ഖുർആൻ അജണ്ട നിശ്ചയിച്ചുതന്ന ഒരു സമുദായമാണിത്. നന്മ കൽപിക്കുക, തിന്മ വിലക്കുക, പ്രവാചകസാക്ഷ്യത്തിന്റെ പിന്തുടർച്ചക്കാരാവുക, നീതിക്കു വേണ്ടി നിലകൊള്ളുക എന്നീ ഖുർആനികാഹ്വാനങ്ങൾ ഏത് കൊടുംകാട്ടിലും പൂവനം വിരിയിക്കാൻ പ്രാപ്തി നൽകുന്നവയാണ്. മുസ്‌ലിംസമൂഹത്തിന്റെ അജണ്ട അല്ലാഹുവും അവന്റെ സൃഷ്ടികളുമാണ്, ദൈവവും നീതിയുമാണ്.**

# മുസ്‌ലിം ഐക്യത്തിന്റെ അജണ്ട

**ടി. മുഹമ്മദ്**

**കേരളത്തിലെ** മുസ്‌ലിം അന്തരീക്ഷത്തിൽ ഒരിക്കൽകൂടി മുസ്‌ലിം ഐക്യത്തിനുള്ള മുൻകൈകളും ഗൃഹപാഠങ്ങളും ആരംഭിച്ചിരിക്കുന്നു. മുസ്‌ലിം സൗഹൃദ വേദിയുടെ ഇടക്കാലത്തെ നിർജീവതക്കു ശേഷമാണ് വീണ്ടും ഐക്യത്തെക്കുറിച്ച ആലോചനകൾ ശക്തിപ്പെടുന്നത്. വർധിച്ചുവരുന്ന ഭരണകൂട -മാധ്യമ മുസ്‌ലിം വേട്ടയുടെയും സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെയും കഴിഞ്ഞ റമദാൻ മാസപ്പിറവിയിലുണ്ടായ ഭിന്നിപ്പിന്റെയും മുസ്‌ലിം ലീഗ് പ്രതിപക്ഷത്തിരിക്കുന്നതിന്റെയുമൊക്കെ പശ്ചാത്തലം ഇപ്പോഴത്തെ ഐക്യ ശ്രമങ്ങൾക്കുണ്ട്.

മുസ്‌ലിം ലീഗിന്റെ മുൻകൈയിലാണ് ഇപ്പോൾ ഐക്യ ശ്രമം നടക്കുന്നത്. ഐ.എൻ.എൽ, പി.ഡി.പി പോലുള്ള ലീഗിതര മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ ഇത് ലീഗിന്റെ രാഷ്ട്രീയ തട്ടിപ്പാണെന്ന് പ്രസ്താവനയിറക്കുകയുണ്ടായി. എന്നാൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഐക്യശ്രമങ്ങളെ സർവാത്മനാ സ്വാഗതം ചെയ്യുകയാണുണ്ടായത്. എ.പി വിഭാഗം സുന്നികൾ പതിവുപോലെ എതിരായി രംഗത്തുവന്നു. മറ്റു മതസംഘടനകൾ ആവേശകരം എന്നു പറയാനാവില്ലെങ്കിലും പ്രതികൂലമല്ലാത്ത നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു.

എന്തുകൊണ്ട് മുസ്‌ലിം ഐക്യം എന്ന ചോദ്യത്തിന് പീഡനവും പിന്നാക്കാവസ്ഥയുമാണ് പൊതുവെ പറയപ്പെടാറുള്ള ഉത്തരങ്ങൾ. ഒരു ജനാധിപത്യ ക്രമത്തിൽ സംഘടിത ന്യൂനപക്ഷത്തിന് വിസ്മയങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നതും വസ്തുതയാണ്. ഈ മറുപടികളുടെ പൊരുൾ സമുദായ ഐക്യം നമുക്കൊരു ലൗകിക വിഷയമാണെന്നാണ്. എന്നാൽ ഖുർആന്റെ ഉള്ളടക്കങ്ങളിൽ ഒന്നാണ് ഉമ്മത്തിന്റെ കെട്ടുറപ്പെന്നത്. 'നിങ്ങൾ ഒറ്റക്കെട്ടാവുക, ഭിന്നിക്കരുത്' എന്നത് ഖുർആൻ പലവട്ടം മുഴക്കിയ വിളിയാളമാണ്. സമുദായത്തിന്റെ ഐക്യം ഇസ്‌ലാമിന് ഒരു മതവിഷയമാണ്. വിശ്വാസികൾ വ്യക്തിപരമായും സാമൂഹികമായും കനൽ കെട്ടുപോകാതെ സൂക്ഷിക്കേണ്ട തഖ്‌വാ (സൂക്ഷ്മതാ) ബോധത്തിന്റെ ഭാഗമാണ്.

ശത്രുവിന്റെ സാന്നിധ്യമാണ് ഐക്യത്തിന്റെ അനിവാര്യതക്കുള്ള ഏറെ പ്രധാനമായ ഒരു കാരണമായി ചൂണ്ടിപ്പറയാറുള്ളത്. ഇത്തരം കൂട്ടായ്മ ശ്രമങ്ങളുടെ ദൗർബല്യം ശത്രു എപ്പോൾ നീങ്ങിപ്പോകുന്നുവോ അപ്പോൾ ഇന്നലെവരെ ശത്രുവിനെതിരെ തിരിച്ചുവെച്ച തോക്കുകൾ സമുദായത്തിലെ ആഭ്യന്തര വൈവിധ്യങ്ങൾക്കു നേരെ തിരിച്ചു വെക്കപ്പെടും എന്നതാണ്. അഫ്ഗാനിസ്താനിൽ സോവിയറ്റ് റഷ്യയുടെ സാമ്രാജ്യത്വ അധിനിവേശത്തിനെതിരെ നടന്ന ഐതിഹാസിക സമരത്തിനൊടുവിൽ ഈ ദുരന്തത്തിന് മുസ്‌ലിം ലോകം സാക്ഷിയാകേണ്ടിവന്നതാണ്. ഭീതിയും പിന്നാക്കാവസ്ഥയും ഒന്നുമില്ലെങ്കിലും നിലനിൽക്കേണ്ട ഒന്നാണ് ഉമ്മത്തിന്റെ ഒരുമ. ഭൂമിയിൽ തുടങ്ങി സ്വർഗത്തിൽ ചെന്നു ചേരേണ്ട ഒന്ന്. ഇസ്‌ലാം ചരിത്രത്തിൽ അത്ഭുതങ്ങൾ വിരിയിച്ചെടുത്തത് ഈ പെരുമയുടെ മേൽ പെയ്തിറങ്ങിയ ദൈവസഹായത്തിന്റെ ബലത്തിലാണ്. മുസ്‌ലിം സമൂഹത്തിന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളമാണ് മുസ്‌ലിം ഐക്യം (*ആലു ഇംറാൻ* 102-105).

കേരളത്തിലെ മുസ്‌ലിം പൊതു വേദികൾ പലപ്പോഴും മതസംഘടനകളേക്കാൾ രാഷ്ട്രീയ പാർട്ടികളുടെയും പണ്ഡിതന്മാരേക്കാൾ പണക്കാരുടെയും അധ്യക്ഷതയിലാണ് രൂപപ്പെടാറ്. അതു കൊണ്ടുതന്നെ ഐക്യ സംരംഭങ്ങൾ സമുദായത്തിനകത്ത് നടക്കേണ്ട ധാർമിക സമരങ്ങളെ ദുർബലപ്പെടുത്തുകയും അതിന് നേതൃത്വം നൽകേണ്ട മതധാർമിക പ്രസ്ഥാനങ്ങൾ ഇത്തരം സമരങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസ്ഥ വന്നുചേരുകയുമില്ലേ എന്ന ആശങ്ക ഉയർന്നു വരാറുണ്ട്. മുസ്‌ലിം പൊതു വേദികളുടെ വിത്ത് തഖ്‌വയാണെങ്കിൽ, അല്ലാഹുവിനെ മുൻനിർത്തിയാണ് നാം ഒരുമിച്ചിരിക്കുന്നതെങ്കിൽ ആ കൂട്ടായ്മ അധാർമികതയോട് രാജിയാകാനുള്ള കാരണമാവുകയില്ല.

പുതുതായി രൂപപ്പെടാനിടയുള്ള പൊതു കൂട്ടായ്മയുടെ ആരോഗ്യത്തിനപ്പുറം കേരളത്തിലെ മുസ്‌ലിം ഐക്യം എന്ന ആശയത്തിന്റെ ആരോഗ്യത്തെക്കുറിച്ചാലോചിക്കുമ്പോൾ കേരളാ കോൺഗ്രസ്സിനെപ്പോലും തോൽപിക്കുംവിധം എന്തുകൊണ്ട് സമുദായം ഭിന്നിക്കുന്നു എന്നന്വേഷിക്കേണ്ടതുണ്ട്. സുന്നികൾക്കും മുജാഹിദുകൾക്കും ജമാഅത്തെ ഇസ്‌ലാമിക്കാർക്കുമിടയിലെ അഭിപ്രായ ഭിന്നതകൾ മനസ്സിലാക്കാവുന്നതാണ്. എന്നാൽ മൗലികവിഷയങ്ങളിലെല്ലാം ഒരേ അഭിപ്രായം വെച്ചു

പുലർത്തുന്ന സംഘടനകൾ നെടുകെ പിളരുന്നതിന്റെ ഇസ്‌ലാമിക ന്യായമെന്താണ്? അറിവ് വന്നുകിട്ടിയതിനു ശേഷം പരസ്പരം പോരും പകയും കാരണമായല്ലാതെ പൂർവ മുസ്‌ലിം സമുദായം ഭിന്നിച്ചിട്ടില്ല എന്ന ഖുർആനിക നിരൂപണം (*ആലു ഇംറാൻ* 19) നമ്മുടെ ചീഞ്ഞുനാറലിനെയും പ്രതിഫലിപ്പിക്കുന്നതാണെന്നു വരുമോ?

അടിസ്ഥാനത്തെയും വിശദാംശത്തെയും വേർതിരിക്കാൻ വിസമ്മതിക്കുന്നു എന്നതാണ് നമ്മുടെ ഛിദ്രതകളുടെ മറ്റൊരു രോഗകാരണം. വിശ്വാസം അടിസ്ഥാനമാണ്, വിട്ടുവീഴ്ചകൾ സാധ്യമല്ല, മാസം കാണണോ കണക്കാക്കണോ എന്നത് വിശ്വാസം പോലെത്തന്നെ ഒരു ഉദാരതയും പാടില്ലാത്ത ഒന്നാണ് എന്ന് വരുമ്പോൾ ഇസ്‌ലാമിന്റെ അകം ഒരയവും സാധ്യമല്ലാത്ത ഉറച്ച കട്ടയാവുകയാണ്. ചന്ദ്രപ്പിറ ശാസ്ത്രീയമായി കണക്കാക്കുന്നത് പ്രമാണത്തിന്റെ കാലാനുസൃതമായ വികാസത്തെ ഉൾക്കൊള്ളാനുള്ള പ്രാപ്തിയെയാണ് വിളംബരപ്പെടുത്തുന്നത്. എന്നാൽ കാഴ്ചാവാദം പ്രമാണത്തിന്റെ അക്ഷരവായനയെ പ്രതിനിധീകരിക്കുന്നു എന്നു പറയാം. പ്രമാണത്തിലെ ഒരു ഗവേഷണനിഗമനവും മുസ്‌ലിം സമൂഹത്തിലെ ഐക്യവും ഏറ്റുമുട്ടിയാൽ, ഒപ്പം നിന്നൊരുപാട് നന്നാക്കേണ്ട സമുദായത്തെ പിളർത്തിപ്പെരുന്നാളാക്കണോ അതല്ല ഒരു വിശദാംശത്തേക്കാൾ സമുദായ ഐക്യമെന്ന അടിസ്ഥാനത്തിന് പ്രാമുഖ്യം നൽകണോ എന്ന ചോദ്യത്തെ മുസ്‌ലിം സംഘടനകൾ അഭിമുഖീകരിച്ചേ മതിയാകൂ. അല്ലെങ്കിൽ തങ്ങൾ കഴിച്ച് ബാക്കിവരുന്ന സമുദായം മുസ്‌ലിം ഉമ്മത്തിന്റെ ഭാഗമല്ലെന്ന് വ്യക്തമാക്കാനുള്ള സത്യസന്ധത സംഘടനകളുടെ ഭാഗത്തു നിന്നുണ്ടാകണം.

## ഐക്യത്തിന്റെ അജണ്ട

കേരളത്തിലെ പുതിയ ഐക്യ ശ്രമങ്ങളോട് പ്രതികരിച്ചുകൊണ്ട് കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി പറയുകയുണ്ടായി: 'ഐക്യ ശ്രമങ്ങൾക്ക് വ്യക്തമായ അജണ്ടയുണ്ടാവേണ്ടതുണ്ട്.' മുസ്‌ലിം പൊതു വേദിയെക്കുറിച്ച ഏറെ പ്രസക്തമായ ഒരു നിർദേശമാണിത്.

മലയാളത്തിലെ പ്രസിദ്ധ എഴുത്തുകാരൻ സക്കറിയ ഏകദേശം പത്ത് വർഷം മുമ്പ് എഴുതുകയുണ്ടായി: 'അജണ്ടാ സെറ്റിംഗ് എന്നത് ചർച്ചകൾക്കുള്ള വിഷയങ്ങളുടെ കരട് തയാറാക്കുന്നതിനെയാണ്. ആലോചനാ യോഗങ്ങൾ തൃപ്തികരമായി നടക്കണമെങ്കിൽ അവക്ക് അജണ്ടാ സെറ്റിംഗ് ഉണ്ടായിരിക്കണം. സാമൂഹിക ജീവിതത്തിലും ദൃശ്യമോ അദൃശ്യമോ ആയ ഒരു അജണ്ടാ സെറ്റിംഗ് നടന്നുകൊണ്ടിരിക്കും. ഇന്ത്യൻ പഞ്ചവത്സര പദ്ധതികൾ ഇന്ത്യൻ സമൂഹത്തിന് ആകമാനമുള്ള ഒരജണ്ടയായിരുന്നു. പഞ്ചാബിന്റെ, അല്ലെങ്കിൽ സിക്കു സമുദായത്തിന്റെ അജണ്ട ഒരു കാലത്ത് നിർമിച്ചത് അവരുടെ ഇടയിലെ തീവ്രവാദികളായിരുന്നു....' ഇന്ത്യയിലെ മുസ്‌ലിംകളുടെ അജണ്ട ആരാണ് രൂപപ്പെടുത്തിയിരിക്കുന്നത്?

ഇംഗ്ലീഷ് ഭാഷയിലെ വിപ്പിംഗ് ബോയ് (Whipping boy) എന്ന പ്രയോഗത്തിന്റെ ഏറ്റവും നല്ല സമകാലിക ഉദാഹരണമാണ് ഇന്ത്യയിലെ മുസ്‌ലിം സമൂഹമെന്ന് സക്കറിയ നിരീക്ഷിക്കുന്നു. പണ്ട് ബ്രിട്ടീഷ് സ്കൂളുകളിൽ നിലനിന്നിരുന്ന വിചിത്രമായ ഒരു ശിക്ഷാരീതിയിലെ കഥാനായകനാണ് വിപ്പിംഗ് ബോയ്. ഒരു സ്കൂളിൽ രാജകുടുംബത്തിലെ വികൃതിയായ ഒരു കുട്ടി പഠിക്കുന്നുണ്ടെങ്കിൽ, അവനെ ശിക്ഷിക്കാൻ പാടില്ലാത്തതിനാൽ, അവന് വേണ്ടി ശിക്ഷിക്കപ്പെടാൻ മാത്രം നിയമിക്കപ്പെടുന്ന വിദ്യാർഥിയാണ് വിപ്പിംഗ് ബോയ്.

ഇന്ത്യയിൽ ഏറെക്കാലമായി ഹിന്ദുത്വ ഫാഷിസ്റ്റുകൾക്കും മറ്റു രാഷ്ട്രീയപാർട്ടികൾക്കും അധികാരത്തിലേറുന്നതിനു വേണ്ടി അടികൊള്ളാൻ നിയോഗിക്കപ്പെട്ട ജനവിഭാഗമാണ് ഇവിടത്തെ മുസ്‌ലിംകളെന്ന് അദ്ദേഹം പറയുന്നു. അങ്ങനെ ശത്രുവിന്റെ ആവശ്യത്തിനു വേണ്ടി സെറ്റ് ചെയ്യപ്പെട്ട അജണ്ടകളാൽ, ഭാഷകളാൽ ചർച്ച ചെയ്യപ്പെടുന്നവരും സ്വയം നയിക്കുന്നവരുമാണവർ. ബാബരിമസ്ജിദ് ഇന്ത്യൻ മുസ്‌ലിമിന്റെ അജണ്ടയല്ല, ഹിന്ദുത്വ ഫാഷിസത്തിന്റെ അജണ്ടയാണ്. ശരീഅത്ത് വിവാദം ഇടതുപക്ഷം മുസ്‌ലിംകൾക്ക് നിർമിച്ചു നൽകിയ വ്യാജ അജണ്ടയാണ്. ഈ വ്യാജ അജണ്ടകൾക്ക് പകരം മൂന്ന് യഥാർഥ അജണ്ടകൾ അന്ന് അദ്ദേഹം മുന്നോട്ടു വെച്ചിരുന്നു: 1) പട്ടിണിയിൽ നിന്നുള്ള മോചനം 2) ആധുനിക വിദ്യാഭ്യാസവും ആരോഗ്യവും 3) രാഷ്ട്രത്തിന്റെ മുഖ്യധാരയിൽ പങ്കെടുക്കാനുള്ള ശേഷി.

സക്കറിയ നിർദേശിക്കുന്ന അജണ്ടകളുടെ ദാർശനിക തലം ആധുനിക ഭൗതികതയാണെന്ന് നമുക്ക് വിയോജിക്കാം. അപ്പോഴും മുസ്‌ലിം സമുദായത്തിന്റെ അജണ്ട എന്ത്, അതാര് നിശ്ചയിക്കുന്നു എന്ന വിഷയത്തെ സമുദായം അഭിസംബോധന ചെയ്തേ മതിയാകൂ.

ബാബരിമസ്ജിദ് യഥാർഥത്തിൽ മുസ്‌ലിംകൾക്ക് നേരെ നടക്കുന്ന അക്രമത്തിന്റെ ചിഹ്നമല്ല. രാജ്യത്ത് തിന്മകൾ, ദൈവധിക്കാരങ്ങൾ, കുഴപ്പങ്ങൾ (ഫസാദ്) പെരുകുന്നതിന്റെ അടയാളമാണ്. ഫസാദിന്റെ പരമകാഷ്ഠയായി ഖുർആൻ പറയുന്നത് ആരാധനാലയങ്ങൾ തകർക്കപ്പെടുകയെന്നതാണ് (*അൽ ഹജ്ജ്* 40). ഈ ഫസാദിൽനിന്നാണ് രാജ്യത്തെ രക്ഷിക്കേണ്ടത്. അപ്പോൾ ബാബരിമസ്ജിദ് രാജ്യത്ത് മുസ്‌ലിം രക്ഷ അപകടപ്പെടുന്നതിന്റെയല്ല, മനുഷ്യരുടെ സുരക്ഷിതത്വം അപകടത്തിലായതിന്റെ സൂചകമാണ്. അഴിമതിയും അക്രമവും ഫസാദാണ്. ആരാധനാലയം, അത് ഏതു വിഭാഗത്തിന്റേതായാലും തകർക്കൽ അതിന്റെ പാരമ്യമാണ്. ഇവിടെ ഇസ്‌ലാമിക പ്രമാണങ്ങളും ഇസ്‌ലാമിക മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് രംഗത്തു വരിക എന്നതാവണം നമ്മുടെ കാര്യപരിപാടി.

അല്ലാഹു പേരു വിളിച്ച, ഖുർആൻ അജണ്ട നിശ്ചയിച്ചു തന്ന ഒരു സമുദായമാണിത്. നന്മ കൽപിക്കുക, തിന്മ വിലക്കുക, പ്രവാചകസാക്ഷ്യത്തിന്റെ പിന്തുടർച്ചക്കാരാവുക, നീതിക്കു വേണ്ടി നിലകൊള്ളുക എന്നീ ഖുർആനികാഹ്വാനങ്ങൾ ഏത് കൊടുംകാട്ടിലും പൂവനം വിരിയിക്കാൻ പ്രാപ്തി നൽകുന്നവയാണ്. മുസ്‌ലിംസമൂഹത്തിന്റെ അജണ്ട അല്ലാഹുവും അവന്റെ സൃഷ്ടികളുമാണ്, ദൈവവും നീതിയുമാണ്.

സമുദായത്തിന്റെ പൊതുവേദികളുടെ എന്നത്തെയും പ്രധാന അജണ്ടകളിലൊന്നാണ് മുസ്‌ലിം പിന്നാക്കാവസ്ഥ എന്നത്. തീർച്ചയായും സമുദായത്തിന് അവകാശപ്പെട്ടത് കിട്ടേണ്ടതുതന്നെയാണ്. പക്ഷേ ഈ വിഷയത്തിലെ സമുദായക്കൂട്ടായ്മകളുടെ ആലോചനകൾ അവിടെ വെച്ചവസാനിക്കാൻ പാടില്ലാത്തതാണ്. നമുക്ക് കിട്ടുന്നവയെ നാം എന്തു ചെയ്യുന്നു, ഇതിൽനിന്ന് ഈ നാടിന് ഇവിടത്തെ മനുഷ്യർക്ക് നാം എന്തു കൊടുക്കുന്നു എന്നത് ഇസ്‌ലാമിക മൂല്യപ്രപഞ്ചത്തിൽ ഏറെ പ്രധാനമായൊരു ചോദ്യമാണ്. നാം എന്തു നേടി എന്നതിനൊപ്പം നാം എന്തു കൊടുത്തു എന്നു കൂടിയുള്ള ആലോചന.

## അടയാളമുദ്ര പതിയാത്ത പൊതുജീവിതം

നമ്മുടെ പൊതുജീവിതത്തിൽ ഇസ്‌ലാം പതിപ്പിക്കുന്ന അടയാളമുദ്ര എന്താണ്? നമ്മുടെ പൊതു രാഷ്ട്രീയത്തിനും മാധ്യമരംഗത്തിനും വിദ്യാഭ്യാസ മേഖലക്കും സംരംഭകത്വത്തിനും നാം നൽകിയ ഇസ്‌ലാമിക സ്പർശമെന്താണ്? മുസ്‌ലിമിന്റെ പൊതുജീവിതം എവിടെയാണ് രുചിഭേദവും നിറവ്യത്യാസവും പ്രകടിപ്പിക്കുന്നത്? കേരളീയ ജനാധിപത്യ അനുഭവം അര നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. അതിന്റെ വിലയിരുത്തലുകൾ ഇന്ന് നമ്മുടെ മാധ്യമങ്ങളിൽ സജീവമാണ്. അമ്പതാണ്ട് പിന്നിട്ട കേരളീയ ജനാധിപത്യ അനുഭവത്തിന് ഇസ്‌ലാം നൽകിയ 'സ്വദഖ' എന്താണ്?

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും ധാർമികത പുലർത്തണമെന്നത് മുസ്‌ലിംസമുദായത്തിന് ഒരു സ്വരം മാത്രമുള്ള വിഷയമാണ്. ഈ അഭിപ്രായ ഐക്യത്തെ നമ്മുടെ പൊതു അജണ്ടയായി വികസിപ്പിക്കാൻ നമുക്ക് കഴിയണം.

പൊതുജീവിതത്തെയും വ്യക്തിജീവിതത്തെയും വെട്ടിമുറിക്കുന്ന, പൊതുജീവിതത്തെ മതത്തിൽനിന്ന് സ്വതന്ത്രമാക്കുന്ന ആധുനിക ഭൗതികത നാടുവാഴുന്ന കാലത്ത് വിഭജനങ്ങളില്ലാത്ത ധാർമികതയെ മുഴങ്ങുന്ന ശബ്ദത്തിൽ സ്വന്തത്തിലും സമൂഹത്തിലും പറഞ്ഞും പണിതും പതിപ്പിക്കുക എന്നത് ഏറെ പ്രധാനമാണ്. ധാർമികതയെ ഒരു ജനതയുടെ കൊടിയടയാളവും അതിജീവനത്തിന്റെ വഴിയും പ്രതിനിധീകരണത്തിന്റെ ഭാഷയുമാക്കുക. ഇപ്പോൾ മുസ്‌ലിം സമുദായത്തിലെ വ്യക്തികൾ ധാർമികത സൂക്ഷിക്കുന്നുണ്ടാകാം. അതിനെ നമ്മുടെ സാമൂഹിക അജണ്ടയാക്കുക.

**എൻ. എസ്. എസ്സും എസ്. എൻ. ഡി. പിയും വിവിധ ക്രൈസ്തവ സഭകളും അതത് സമുദായങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ ദൈവത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും ഭൂമിയെക്കുറിച്ചും ആലോചിക്കുന്ന സമുദായമാവുക എന്നിടത്താണ് മുസ്‌ലിമിന്റെ പ്രതിനിധാനം വ്യത്യസ്തവും ഇസ്‌ലാമികവുമാകുന്നത്. സമുദായം സമുദായത്തിനു വേണ്ടിയല്ല, ജനത്തിനു വേണ്ടിയാണെന്ന ഖുർആനിക പ്രമാണത്തിന്റെ സാക്ഷാത്കാരം. അകത്ത് കെട്ടിനിൽക്കലല്ല, പുറത്തേക്ക് പൊട്ടിയൊഴുകലാണ് അതിന്റെ ദൗത്യം.**

ഇസ്‌ലാം അംഗീകരിക്കാത്തവരെയും അതറിയാത്തവരെയും അതിന്റെ മൂല്യങ്ങളുടെ സൗരഭ്യം അനുഭവിപ്പിക്കുന്നതാണ് ഇസ്‌ലാമിക ജീവിതം. മതപരമായി കഠിനമായി വിയോജിക്കുന്നവരും ഇസ്‌ലാമിന്റെ സാമൂഹിക-രാഷ്ട്രീയ നേതൃത്വം അംഗീകരിച്ചിരുന്നു. മദീനയിലെ ജൂതനും ഫലസ്തീനിലെയും ഈജിപ്തിലെയും ക്രിസ്ത്യാനിയും ഇതിന്റെ ചരിത്രസാക്ഷ്യങ്ങളാണ്. കേരളീയ പൊതുസമൂഹത്തിന്റെ നേതൃത്വം ധാർമികതയുടെ മുതൽമുടക്കുകൊണ്ട് നമുക്ക് ഏറ്റെടുക്കാൻ സാധിക്കുമോ? പൊതുസമൂഹത്തിന് സാക്ഷാത്കരിക്കാൻ കഴിയാത്ത അവരുടെ തന്നെ ധാർമിക സ്വപ്നങ്ങളെ, നൈതിക തൃഷ്ണകളെ സാക്ഷാത്കരിക്കുന്ന ജനത എന്നതാവണം മുസ്‌ലിമിന്റെ തിരിച്ചറിയലടയാളം. വിയോജിക്കുന്നവർക്കും നൽകാൻ നമുക്കു മാത്രം സാധ്യമായ അവനുകൂടി സമ്മതമായ, അവൻ മാനിക്കുകയും ദാഹിക്കുകയും ചെയ്യുന്ന എന്തോ ഒന്ന് ഉണ്ടാവുമ്പോഴാണ് നാം ചരിത്രത്തിൽ വിജയമുദ്ര പതിപ്പിക്കുന്ന ജനവിഭാഗമാവുക.

കേവല ആദർശപ്രചാരണത്തിലൂടെ മാത്രമല്ല ഒരാദർശവും ലോകത്ത് വേരുകൾ പടർത്തിയത്. ഇന്ത്യയിലേക്കും കേരളത്തിലേക്കും കടന്നുവന്ന ക്രൈസ്തവതക്ക് സങ്കീർണമായ ദൈവശാസ്ത്ര പാഠങ്ങളുള്ള ബൈബിളിനൊപ്പം ആധുനികതയുടെ ശാസ്ത്ര- സാങ്കേതിക-വൈജ്ഞാനികതകളും സമൂഹത്തിന് നൽകാനുണ്ടായിരുന്നു. കൊന്തയും കുരിശും മാമോദീസയും മാത്രമല്ല അച്ചടിയും ഗദ്യവും അലോപ്പതിയും സ്കൂളും ഇവിടെ കൊണ്ടു വന്നത് അവരാണ്. ദൈവം ഉണ്ടോ ഇല്ലേ എന്നതിനപ്പുറം വിശ്വാസിയും അവിശ്വാസിയും ആയ പാവപ്പെട്ടവന്റെ പക്ഷത്ത് നിൽക്കുന്ന ഒരാത്മീയ ഭാവമാണ് കമ്യൂണിസത്തെ ഇവിടെ പന്തലിപ്പിച്ചത്.

ആധുനികതക്ക് മുമ്പുള്ള ഇന്ത്യയിൽ ഇസ്‌ലാം പതിപ്പിച്ച പാദമുദ്ര ഏറെ വലിപ്പമുള്ളതാണ്. ജാതിഭീകരതക്കെതിരായ ഒരു വിമോചന വഴി എന്നതായിരുന്നു ഇന്ത്യക്കാരന്റെ ഇസ്‌ലാമിനെക്കുറിച്ച ഒരു സുപ്രധാന അനുഭവം. ഇസ്‌ലാം സ്വീകരിച്ചവർ ജാതിക്കതീതരായി എന്നതു മാത്രമല്ല അത്. മുസ്‌ലിം ജീവിതം വർണ വ്യവസ്ഥയുടെ വ്യാകരണത്തിനെതിരെ സൃഷ്ടിച്ച വിധ്വംസകതകൾ കൂടിയാണത്. ഒരു മുസ്‌ലിം ഒരധഃസ്ഥിതനോടും അയിത്തം പാലിക്കാത്തവനായിരുന്നു. ഇത് ജാതിയുടെ ശിൽപഘടനക്ക് ഏൽപിച്ച പ്രഹരം മാരകമായിരുന്നു. ഇസ്‌ലാമും കൊളോണിയൽ ആധുനികതയുമാണ് ഇന്ത്യയിൽ ജാതിഘടനക്ക് ഏറ്റവും പരിക്കുകൾ ഏൽപിച്ചത്.

ജാതീയതയും വർഗീയതയും ഇന്നും ഇന്ത്യൻ സാമൂഹിക ശരീരത്തിലെ മാറാരോഗങ്ങളാണ്. ഭൂമിയില്ലാത്ത ആദിവാസിയും അധികാരമില്ലാത്ത ദലിതനും ഇന്നും ഇവിടത്തെ പച്ച ജീവിതസത്യങ്ങളാണ്. ഇവരുടെ നിലനിൽപിനും മനുഷ്യനാകാനുള്ള അവകാശത്തിനും നാം എന്തു നൽകിക്കൊണ്ടിരിക്കുന്നു? ഇവരുടെ ഭൂതകാലത്തിൽ ഇസ്‌ലാമിന്റെ ഒരു വലിയ കരസ്പർശമുണ്ട്. അതിനെ കണ്ടെടുത്ത് വഴിവെളിച്ചമാക്കാൻ നമുക്കാവുമോ?

### മൂല്യബോധത്തിലെ സംഘർഷം

പ്രവാചകന്മാരും അവരുടെ സമൂഹങ്ങളും തമ്മിലുള്ള മൂല്യബോധത്തിലെ സംഘർഷത്തിന് രണ്ടടരുകൾ കാണാൻ കഴിയും. ഒന്ന്, അവർ പുലർത്തിപ്പോന്നിരുന്ന മൂല്യ കൽപനകൾക്കെതിരെ പ്രതിമൂല്യങ്ങൾ നിവർത്തിപ്പിടിച്ചുകൊണ്ടുള്ള കലാപം. പെൺകുട്ടികളെ കുഴിച്ചുമൂടുക എന്നത് മക്കയിൽ ഒരു വിഭാഗത്തിന്റെ മൂല്യ വിചാരത്തിന്റെ ഭാഗമായിരുന്നു (*അൽ അൻആം* 137). എന്നാൽ മനുഷ്യരെന്ന നിലക്കുള്ള മനസ്സാക്ഷി അപ്പോഴും ആ ക്രൂരതക്കു മുന്നിൽ പതർച്ചയും സംത്രാസവും പ്രകടിപ്പിച്ചിരുന്നു (*അന്നഹ്ൽ* 58,59). ആ പതർച്ചയോടാണ് ഇസ്‌ലാം സംസാരിക്കാൻ ശ്രമിച്ചത് (*അത്തക്‌വീർ* 8,9).

രണ്ട്, അവരുടെ തന്നെ ചില മൂല്യ വിചാരങ്ങളെ അവരേക്കാൾ ഭംഗിയായും വിശുദ്ധമായും ഇസ്‌ലാം സാക്ഷാത്കരിച്ചു. കുടുംബ ബന്ധങ്ങളുടെ പരിപാലനം, ആതിഥ്യം, പവിത്രമാസങ്ങൾ മുതലായവ.

ഒരു ജനാധിപത്യ സമൂഹത്തെ സഫലീകരിക്കുന്നതിൽ അത് പൊതുവിൽ പരാജയപ്പെടുന്ന മൂല്യസങ്കൽപങ്ങളെ ഇസ്‌ലാമിക ധാർമികതയുടെ കരുത്തുകൊണ്ട് വിജയിപ്പിച്ചെടുക്കുക എന്നത് നമ്മുടെ പൊതു ടാർഗറ്റാകേണ്ടതുണ്ട്.

എയ്ഡഡ്-സ്വാശ്രയ-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ ജനാധിപത്യ വിദ്യാഭ്യാസക്രമത്തിന്റെ ഭാഗമാണ്. ആർക്കും ലാഭമുണ്ടാക്കാനല്ല ഭരണകൂടം ഇതനുവദിച്ചതും കോടതികൾ അംഗീകരിച്ചതും. പക്ഷേ മാനേജ്മെന്റുകൾ ഉന്നതങ്ങളുടെ ഒത്താശയോടെ അതിനെ ഒരു ജനാധിപത്യ വിരുദ്ധ സാധ്യതയായി അട്ടിമറിക്കുന്നു. സ്വകാര്യ വിദ്യാഭ്യാസം എന്നതിൽ ഉള്ളടങ്ങിയ നല്ല ലക്ഷ്യങ്ങളെ നിറവേറ്റാൻ മുസ്‌ലിം മാനേജ്മെന്റുകൾക്കാവുമോ? ഇതിനെ ഒരു സ്വപ്നവും പരിഗണനാ വിഷയവുമായി നമുക്ക് അംഗീകരിക്കാനാവുമോ? വിദ്യാഭ്യാസരംഗത്ത് അബുസ്സബാഹ് മൗലവിയുടെയും കെ.സി അബ്ദുല്ല മൗലവിയുടെയും നക്ഷത്രത്തിളക്കമുള്ള ഒരു പാരമ്പര്യം നമ്മുടെ മുന്നിലുണ്ട്. വിദ്യാഭ്യാസരംഗത്തും സംരംഭകത്വത്തിലും തങ്ങൾ കുഞ്ഞു മുസ്‌ലിയാർ പടുത്തിരുന്ന മാതൃകയെ പൊലിപ്പിച്ചെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ?

കേരളത്തിൽ ഇപ്പോൾ മാധ്യമ രംഗത്ത് ഏറ്റവും സജീവമായ സമുദായം മുസ്‌ലിംകളാണ്. മുസ്‌ലിം മാധ്യമങ്ങൾ ദൈവികമൂല്യങ്ങളുടെ കണ്ണാടികളാകണമെന്ന് നാം തീരുമാനിച്ചിട്ടുണ്ടോ? പത്രപ്രവർത്തനരംഗത്ത് *അൽഅമീനി*ന്റെയും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെയും ഒരു മുദ്ര കേരളീയ ചരിത്രത്തിൽ ഏറെ സൗന്ദര്യത്തോടെ പതിഞ്ഞു കിടക്കുന്നുണ്ട്. ആ പാരമ്പര്യത്തെ പാത്തു വെക്കാനും ജ്വലിപ്പിച്ചെടുക്കാനും കേരളീയ മുസ്‌ലിം പത്രരംഗം എത്ര അളവിൽ ശ്രമിക്കുന്നുണ്ട്? 'ഹേ വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സാക്ഷികളായ നിലയിൽ, നീതിമുറയെ നിലനിർത്തിപ്പോരുന്നവരായിരിക്കുവിൻ. നിങ്ങളുടെ ദേഹങ്ങൾക്കോ അല്ലെങ്കിൽ മാതാപിതാക്കൾക്കോ അടുത്ത കുടുംബങ്ങൾക്കുമോ എതിരായാലും ശരി. അയാൾ ധനികനോ ദരിദ്രനോ ആയിരുന്നാലും. അല്ലാഹു ആ രണ്ടാളുമായും അധികം ബന്ധപ്പെട്ടവനാകുന്നു' (*അന്നിസാഅ് 135*) എന്ന ഖുർആനിക പാഠത്തെ

*അൽ അമീൻ* പത്രത്തിന്റെ എല്ലാ ലക്കത്തിലും ഒന്നാം പേജിൽ അച്ചടിക്കാൻ സാഹിബ് ശ്രദ്ധിച്ചിരുന്നു.

കലയിലും സാഹിത്യത്തിലും ആധുനിക മലയാളി മുസ്‌ലിമിന്റെ വരയും നിറവും താളവുമെന്താണ്? കല വ്യക്തിയുടെ ധ്യാനത്തിന്റെ ആവിഷ്കാരമെന്നിടത്തുനിന്ന് പണത്തിന്റെയും സാങ്കേതിക സംവിധാനങ്ങളുടെയും സർഗാത്മകതയുടെയും കൂട്ടു പ്രവർത്തനമായി മാറിയിരിക്കുന്ന ഇന്ന് മലയാളി മുസ്‌ലിം ഒരു മുസ്‌ലിം എന്ന നിലക്ക് എന്തെടുത്തുകൊണ്ടിരിക്കുകയാണ്? മമ്മൂട്ടിയും മാമുക്കോയയും ഫാസിലും ഈ ചോദ്യത്തിന്റെ മറുപടികളാവില്ലല്ലോ. ആവിഷ്കാരത്തിൽ ഒരുപാട് നിയന്ത്രണങ്ങൾ നിയമമാക്കിയ മതമാണിസ്‌ലാം. നിയന്ത്രണം കലയിൽ പരിമിതിയല്ല, സാധ്യതയാണ്. കാരണം നേരിട്ട് പറയുന്നതിലല്ല കലയിരിക്കുന്നത്, വ്യംഗ്യ ഭംഗിയിലാണ്. അപ്പോൾ നിയന്ത്രണങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായ ഒരു സമുദായത്തിന് കൂടുതൽ കലാമൂല്യമുള്ള ആവിഷ്കാരങ്ങൾ സൃഷ്ടിച്ച് പൊതു സമൂഹത്തിന് നൽകാൻ കഴിയും.

കേരളത്തിന്റേത് ഒരു മണിയോർഡർ സമ്പദ് വ്യവസ്ഥയാണെന്ന് പറയാറുണ്ട്. ഗൾഫ് പണത്തിന്റെ ഏറ്റവും വലിയ ജനകീയ ഗുണഭോക്താക്കൾ മലയാളി മുസ്‌ലിംകളായിരുന്നു. നമ്മുടെ കൈകളിലൂടെ വന്നുപോയിക്കൊണ്ടിരുന്ന പണം കൊണ്ട് നാം ബോധപൂർവം ഇവിടെ എന്തു ചെയ്തു? പലിശ കൊടുക്കേണ്ടതില്ലാത്ത ഒരു സമ്പദ് ക്രമത്തെക്കുറിച്ച ഖുർആൻ മുന്നോട്ടു വെക്കുന്ന സ്വപ്നവും അറേബ്യൻ മരുഭൂമി നമ്മുടെ താഴെ തട്ടിൽ വരെ തന്ന പണവും ഇവിടത്തെ പാവപ്പെട്ട മനുഷ്യനു വേണ്ടി ചേർത്തുവെക്കാൻ നമുക്കായിട്ടുണ്ടോ? പലിശയുള്ള മൈക്രോ ഫൈനാൻസ് തന്നെ ഗതികെട്ടവന് ഏറെ തണലാവുന്ന നേരത്ത് പലിശയില്ലാത്ത ജനകീയ കടമിടപാടുകൾക്ക് ഇനിയുമൊരുപാട് കുളിരുള്ള തണലാവാനാവില്ലേ? കേരളത്തിൽ മൈക്രോ ഫൈനാൻസും കോഫി ഹൗസുമൊക്കെ ഇപ്പോൾ പരീക്ഷിക്കുന്നത് വെള്ളാപ്പള്ളിയുടെ എസ്.എൻ.ഡി.പിയാണ്.

മദ്യത്തിനെതിരായ ജനകീയ സമരം സ്വാതന്ത്ര്യസമരം മുതൽ നമ്മുടെ സാമൂഹികജീവിതത്തിൽ സജീവമാണ്. ഖുർആന്റെ തീവ്ര പാഠങ്ങളിലൊന്നാണ് ലഹരിക്കെതിരായ നിർദേശങ്ങൾ. കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നീക്കിയിരിപ്പ് എത്രയാണ്? മുസ്‌ലിം സമുദായത്തിൽ ഒരൊറ്റ വീക്ഷണം മാത്രമുള്ള വിഷയമാണല്ലോ മദ്യം. എന്തുകൊണ്ട് നമുക്ക് മദ്യവിരുദ്ധ സമരത്തെ പൊതുവായി ഏറ്റെടുത്തുകൂടാ? മുതലാളിത്തവത്കരണത്തിന്റെ ഭാഗമായി അധാർമികതകൾ പെറ്റുപെരുകിക്കൊണ്ടിരിക്കുന്ന കാലത്ത് എല്ലാ തിന്മകൾക്കുമെതിരായ സമരത്തെ എന്തുകൊണ്ട് നമ്മുടെ പൊതു അജണ്ടയായി സ്വീകരിച്ചുകൂടാ? നന്മയുടെ സാക്ഷാത്കാരവും തിന്മക്കെതിരായ സമരവുമാണ് സമുദായ ഐക്യത്തിന്റെ നയപരിപാടിയാകേണ്ടത്. എൻ.എസ്.എസ്, എസ്.എൻ.ഡി.പി ഐക്യ സംരംഭങ്ങളിൽനിന്ന് മുസ്‌ലിം ഐക്യ സംരംഭം വ്യത്യസ്തമാകേണ്ടത് ഇവിടെയാണ്. എൻ.എസ്.എസ്സും എസ്.എൻ.ഡി.പിയും വിവിധ ക്രൈസ്തവ സഭകളും അതത് സമുദായങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ ദൈവത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും ഭൂമിയെക്കുറിച്ചും ആലോചിക്കുന്ന സമുദായമാവുക എന്നിടത്താണ് മുസ്‌ലിമിന്റെ പ്രതിനിധാനം വ്യത്യസ്തവും ഇസ്‌ലാമികവുമാകുന്നത്. സമുദായം സമുദായത്തിനു വേണ്ടിയല്ല, ജനത്തിനു വേണ്ടിയാണെന്ന ഖുർആനിക പ്രമാണത്തിന്റെ സാക്ഷാത്കാരം. അകത്ത് കെട്ടിനിൽക്കലല്ല, പുറത്തേക്ക് പൊട്ടിയൊഴുകലാണ് അതിന്റെ ദൗത്യം.

സ്പോർട്സ് ലോട്ടറിക്കെതിരെ എം.എസ്.എഫ്, എസ്.ഐ.ഒ, എസ്.കെ.എസ്.എസ്.എഫ്, എസ്.എസ്.എഫ്, എം.എസ്.എം തുടങ്ങി ഏതാണ്ടെല്ലാ മുസ്‌ലിം വിദ്യാർഥി സംഘടനകളും രംഗത്തു വന്നത് ഈയൊരു വിചാരവേളയിൽ എടുത്തുപറയേണ്ട കാര്യമാണ്. ഔദ്യോഗിക അധാർമികതകൾക്കെതിരെ, ഭരിക്കുന്നവർ ആരു തന്നെയായാലും ഇങ്ങനെ ചിറകെട്ടാൻ ശ്രമിക്കുമെന്ന് നാം തീരുമാനിച്ചാൽ ഈ ആശയത്തിന്റെ ഏറെ ശ്രദ്ധയിൽപെടുന്ന പടവുകളായിരിക്കുമത്.

മമ്പുറം തങ്ങളും ഉമർ ഖാദിയുമൊക്കെ കേരളത്തിന്റെ പൊതു സമൂഹത്തിൽ ഇസ്‌ലാമിന്റെ പക്ഷത്തു നിന്നുകൊണ്ട് പെരുവിരലടയാളങ്ങൾ പതിപ്പിച്ചവരായിരുന്നു. അവരുടെ സാമൂഹിക പ്രവർത്തനത്തിന്റെ കാൻവാസ് സമുദായത്തിനപ്പുറം പൊതുസമൂഹം കൂടിയായിരുന്നു. അതുകൊണ്ടാണ് മതമില്ലാത്ത മാർക്സിസ്റ്റുകാർ പോലും അവരെ ഏറ്റെടുക്കാൻ ശ്രമിക്കുന്നത്. അവർ മതമൗലിക വാദികളല്ല, മതവിശ്വാസികളായ പോരാളികൾ മാത്രമായിരുന്നു (*ചിന്ത* 2006 ഒക്ടോ. 13) എന്ന് ആ ഏറ്റെടുക്കലിനെ വിശദീകരിക്കാനും അവർ ശ്രമിക്കുന്നുണ്ട്. മതത്തെയും ജീവിതത്തെയും വിഭജിക്കാത്ത ഒരു ദർശനത്തിൽനിന്ന് വിരിഞ്ഞുവന്ന ജീവിത സൗന്ദര്യങ്ങളെ അവയെ വിഭജിച്ചുനിർത്തുന്ന മറ്റൊരു മാപിനികൊണ്ട് രേഖപ്പെടുത്താൻ ശ്രമിക്കുന്നതിലെ അപഹാസ്യത മാത്രമാണിത്.

ഇപ്പോൾ സാമ്രാജ്യത്വത്തിന്റെ പ്രാതലും അത്താഴവും മുസ്‌ലിം രക്തവും മാംസവുമാണെന്നത് ഭീതിപ്പെടുത്തുന്ന ഒരനുഭവം എന്നതിനേക്കാൾ, സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിന്റെ നേതൃപരമായ ഉത്തരവാദിത്വം, നിങ്ങളിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ചരിത്രം നിങ്ങളെ ഏൽപിച്ചിരിക്കുന്നു എന്നതിന്റെ അറിയിപ്പാണ്. ഈ അറിയിപ്പ് കൈപ്പറ്റി നമ്മുടെ നാട്ടിലും നടക്കുന്ന ചെറുത്തുനിൽപുകളുടെ മുന്നിലും പിന്നിലും നമ്മളുണ്ടാകുമെന്ന് നമുക്ക് തീരുമാനിക്കാനാകുമോ? പല ഇസ്‌ലാമിക രാജ്യങ്ങളും ഗ്രൂപ്പുകളും സാമ്രാജ്യത്വ അധിനിവേശത്തിന് എതിരെ നടത്തുന്ന ചെറുത്തുനിൽപ് സമരങ്ങളിൽ സഖ്യകക്ഷികളാവാതെ നിഷ്പക്ഷ നിലപാട് പുലർത്താൻ മാർക്സിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് കഴിയുമെന്നും തോന്നുന്നില്ല (കെ.സി വർഗീസ്- *പച്ചക്കുതിര*-2006 ഡിസംബർ).

മുസ്‌ലിം ഐക്യത്തിന്റെ അജണ്ട എന്ത് എന്നത്, മുസ്‌ലിം പ്രതിനിധീകരണത്തിന്റെ ഭാഷ ഏത് എന്നത് മുസ്‌ലിം സംഘടനകളും ബുദ്ധിജീവികളും ചർച്ചക്കെടുക്കേണ്ട പ്രധാന വിഷയമാണ്.

* * * * * * * *

പ്രസിദ്ധ പണ്ഡിതനും എഴുത്തുകാരനുമായിരുന്ന അബുൽ ഹസൻ അലി നദ്‌വിയുടെ മാസ്റ്റർപീസ് ഗ്രന്ഥത്തിന്റെ ശീർഷകത്തിന്റെ മലയാളം ഏതാണ്ടിങ്ങനെയാണ്: 'മുസ്‌ലിംകളുടെ അധഃപതനം കൊണ്ട് ലോകത്തിന് നഷ്ടപ്പെട്ടത് എന്താണ്?' ■